(ബി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പുഴയോരങ്ങളാണ് സംരക്ഷിക്കാൻ ഫണ്ട് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പുഴയോരങ്ങളെ സംരക്ഷിക്കാൻ സ്ഥലം എം.എൽ.എ. നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുഴയോര സംരക്ഷണത്തിനായി നദികളുടെ കൂടുതലായി ഇടിഞ്ഞു പോകുന്ന തീരങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുക, കണ്ടൽ ചെടികളും കല്ലൻ മുളകളും വെച്ചു പിടിപ്പിക്കുക തുടങ്ങിയ പ്രവർത്തികൾ 2711-01-103-98 Repairs due to flood damages (NP) 2711-01-103-99 Mace of flood control works (NP) എന്നീ ശീർഷകങ്ങളിൽ പ്പെടുത്തിയും റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയും നടപ്പിലാക്കിവരുന്നു.

(ബി) കരിയാട് ഗ്രാമ പഞ്ചായത്തിൽ കാഞ്ഞിരക്കടവ് പാലത്തിന് മുകൾഭാഗത്ത് മാഹി പുഴയുടെ വലതുകര സംരക്ഷണത്തിന് 5 ലക്ഷം രൂപയും, തുരുത്തിമുക്ക് കടവിന് മുകൾഭാഗത്തായി മാഹിപ്പുഴയുടെ വലതുകര സംരക്ഷണത്തിന് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) സ്ഥലം എം.എൽ.എ. യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പാട്യം പുഴയുടെ അമ്പലപ്പുഴയിൽ വേട്ടക്കൊരുമകൻ ക്ഷേത്രത്തിന് സമീപം തീര സംരക്ഷണത്തിനായി 3.95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പാട്യം പഞ്ചായത്തിലെ ചിറക്കക്കാവ് എന്ന സ്ഥലത്ത് പുഴയുടെ സംരക്ഷണത്തിന് 6.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കുന്നോത്ത് പറമ്പ് പഞ്ചായത്തിൽ പൂന്നൂർ പുഴയുടെ സംരക്ഷണ പ്രവർത്തികൾക്കുവേണ്ടി 24.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രസ്തുത പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

മേക്കരയിലേയ്ക്ക് തമിഴ്നാട് വെള്ളം കൊണ്ടുപോകുന്ന നടപടി

76 [533] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. എ. വാഹീദ്:
,, കെ. സി. ജോസഫ്:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിലാറും ഹനുമാൻ തോടും ആരംഭിക്കുന്നത് വൻമലയിൽ നിന്നാണോ;

(ബി) കേരളത്തിൽ നിന്നും ചാലുകളും തോടുകളും നിർമ്മിച്ച് മേക്കരയിലേക്ക് തമിഴ്നാട് വെള്ളം കൊണ്ടു പോകുന്നുണ്ടോ;

(സി) ഹനുമാൻ തോട്ടിലെ വെള്ളത്തിന്റെ സ്രോതസ്സ് ഏതെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിന്റെ വെള്ളം ടണലുകളും ചാലുകളും വഴി സംഭരിക്കുന്നതിന് തമിഴ്നാട് രണ്ട് അണകൾ കൂടി ഹനുമാൻ തോടിന് സമീപം നിർമ്മിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അല്ല.

(ബി) ഇല്ല.

(സി) കേരള തമിഴ്നാട് അതിർത്തിയോട് ചേർന്ന് തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന ഒന്നാംകല്ലിന്റെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന അരുവികളാണ് ഹനുമാൻ തോട്ടിൽ എത്തുന്നത്.

(ഡി) ഹനുമാൻ നദിയിൽ, മേക്കര ഡാമിന് ഉദ്ദേശം 1 കി. മീ. താഴ്ഭാഗത്തായി വന്നുചേരുന്ന എരുമച്ചാടി തോട്ടിൽ തമിഴ്നാട് ഒരു തടയണ നിർമ്മിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ തടയണ ഉപയോഗിച്ച് തമിഴ്നാട് സർക്കാരിന് കേരളത്തിന്റെ ജലം ചൂഷണം ചെയ്യാൻ ഒരു സാധ്യതയും കാണുന്നില്ല.

കാസർഗോഡ് ജില്ലയിൽ കടൽഭിത്തി പണിയുന്നതിന് നടപടി

77 [534] ശ്രീ. കെ. പി. സതീഷ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ഭാഗത്ത് കടൽഭിത്തി നിർമ്മാണ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇവയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെ ചേർക്കുന്നു.

കടൽ ഭിത്തി നിർമ്മാണം

1. മൂസാഡിയിൽ ചെയിനേജ് 6/000 മുതൽ 7/250 കി. മീ. വരെ 1250 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 279 ലക്ഷം രൂപ.

2. ബർക്കയിൽ ചെയിനേജ് 12/620 മുതൽ 13/400 കി. മീ. വരെ 760 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 148 ലക്ഷം രൂപ.

3. കോയിപ്പാടിയിൽ ചെയിനേജ് 21/650 മുതൽ 23/650 കി. മീ. വരെ 2000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 400 ലക്ഷം രൂപ.

4. കാവുങ്ങോലി ബീച്ചിൽ ചെയിനേജ് 26/200 മുതൽ 27/200 കി. മീ. വരെ 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 150 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly